പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :1019 — 11.7.2011-ന് മറുപടിയ്ക്ക്

## ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഫാക്ടറികളിൽ തൊഴിലെടുക്കുന്നവരുടെ സുരക്ഷ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.സി.ജോർജ്<br>ഡോ.എൻ.ജയരാജ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ ലൈസൻസില്ലാതെ ഫാക്ടറികൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം ഫാക്ടറികൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഫാക്ടറികൾ കൂടുതലുള്ളത് ഏത് ജില്ലയിലാണ്; | ബി) പാലക്കാട് ജില്ലയിലാണ് ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഫാക്ടറികൾ കൂടുതലുള്ളത്. ഈ ജില്ലയിൽ 63 ഫാക്ടറികൾ ഇത്തരത്തിൽ കണ്ടെത്തിയിട്ടുണ്ട്. |
| സി) ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേണ്ട സുരക്ഷ ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) ഫാക്ടറികളിലും വ്യവസായ സ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷ ഉറപ്പു വരുത്താൻ കർശന നടപടി സ്വീകരിക്കുമോ? | ഡി) ഫാക്ടറീസ് ആക്ടിലെയും റൂളിലെയും വ്യവസ്ഥകൾക്ക് വിധേയമായി പ്രവർത്തിക്കുന്ന ഫാക്ടറികളിലും വ്യവസായ സ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനുവേണ്ടി ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിൽ പ്രധാനപ്പെട്ടതാണ് പ്രയോറിറ്റി ഇൻസ്പെക്ഷൻ, എയർ മോണിറ്ററിംഗ് സ്റ്റഡി, ബോധ വൽക്കരണ ക്ലാസ്സുകൾ, പ്രധാനപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്ന മോക്ക് ഡ്രില്ലുകൾ എന്നിവ. കൂടാതെ ഫാക്ടറികളിലെ തൊഴിൽ ജന്യരോഗങ്ങൾ കണ്ടുപിടിച്ച് അവ പരിഹരിക്കു ന്നതിനുവേണ്ടി വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ വിഭാഗവും അതിലെ ഡോക്ടർമാരും പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ